LIBRARY ARCHIVES Kerala Legislative Assembly

വ്യാജ സ്പിരിറ്റും വ്യാജ ചാരായവും നിയന്ത്രിക്കാൻ നടപടി

106 [1909] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യ ദുരന്തങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്ന കാര്യം പരിഗണിച്ച് വ്യാജമദ്യ വിൽപന കർശനമായി തടയുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ വിശദമാക്കാമോ;

(സി) ബിവറേജസ് കോർപ്പറേഷൻ പുതുതായി വിദേശമദ്യ റീട്ടെയിൽ വില്പനശാലകൾ എവിടെയെല്ലാം ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വ്യാജമദ്യ വിപണനം ഒഴിവാക്കുന്നതിനായി ബിവറേജസ് കോർപ്പറേഷൻ വഴി വിലകുറഞ്ഞ വിദേശമദ്യം വില്ക്കുന്നതിന് പഞ്ചായത്തുകൾതോറും റീട്ടെയിൽ മദ്യവിൽപനശാല ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. ഇതിനായി എക്സൈസ് വകുപ്പിൽ ഒരു പുതിയ ഇന്റലിജൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കുറ്റാധിക്യമുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്ന ഓഫീസുകൾക്ക് 1 :1 വയർലസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും ചെക്കുപോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ സർക്കാർ ഒരു തീരുമാനം എടുത്തിട്ടില്ല.

(ഡി) ഇത്തരത്തിലൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

അനധികൃത സ്പിരിറ്റ് കടത്ത് തടയാൻ നടപടി

107 [1910] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ സ്വകാര്യവഴികളിലൂടെ അന്യസംസ്ഥാനത്ത് നിന്നും കേരളത്തിലേക്ക് അനധികൃത സ്പിരിറ്റ് കടത്തപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹനങ്ങളിൽ കയറ്റിയിട്ടുള്ള സാധന സാമഗ്രികൾ പരിശോധന നടത്താൻ ഇരുമ്പ് കമ്പി പോലുള്ള പ്രാകൃത ഉപകരണങ്ങൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;